# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ -305 — 14.03.2017 ൽ മറുപടിയ്ക്ക്

## പോലീസിന് കേസ് സംബന്ധമായ മാർഗ്ഗ നിർദ്ദേശം നല്കൽ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ഒ. രാജഗോപാൽ | | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | സിവിൽ വിഷയങ്ങളിൽ ഇടപെടരുത് എന്ന് ഏത് ഉത്തരവ് പ്രകാരമാണ് പോലീസിന് നിർദ്ദേശം നൽകിയതെന്നും പ്രസ്തുത ഉത്തരവ് എന്നാണ് നൽകിയതെന്നും വ്യക്തമാക്കുമോ; | (എ) 23.09.1983-ലെ OP No.2032/83 എന്ന കേസിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി, സിവിൽ കോടതികളുടെ ഉത്തരവുകൾ ഗൗനിക്കാതെ പോലീസ് പ്രവർത്തിക്കുന്നതിനെതിരെ നിർദ്ദേശങ്ങൾ നൽകി കൊണ്ട് പുറപ്പെടുവിച്ച വിധി ന്യായം അനുവർത്തിച്ച് കൊണ്ട് 17.07.1990-ലെ സർക്കുലർ നമ്പർ 33/90, 21.04.1993-ലെ സർക്കുലർ നമ്പർ 14/1993, 10.03.2012-ലെ സർക്കുലർ നമ്പർ 4/12. 10.08.2016-ലെ സർക്കുലർ നമ്പർ 14/16 എന്നിവ പ്രകാരം സിവിൽ തർക്കങ്ങളിൽ സിവിൽ കോടതികളുടെ ഉത്തരവുകൾ ശ്രദ്ധിക്കാതെയുള്ള പോലീസിന്റെ ഇടപെടൽ ഒഴിവാക്കേണ്ടതാണെന്ന് സംസ്ഥാന പോലീസ് മേധാവി നിർദ്ദേശിക്കുകയുണ്ടായി. |
| (ബി) | ഒരു കുറ്റകൃത്യം സിവിലാണോ ക്രിമിനലാണോ എന്ന് തീരുമാനിക്കുന്നതിന്റെ മാനദണ്ഡം എന്താണ്; റവന്യൂ രേഖകളിൽ കൃത്യമായുള്ള പൊതുവഴി ഗുണ്ടകളെ ഉപയോഗിച്ച് ഗേറ്റിട്ട് അടയ്ക്കുന്നതും വശങ്ങളിലെ മതിൽ ഇടിച്ചു കളഞ്ഞ് സ്വന്തം വസ്തുവിനോട് കൂട്ടിച്ചേർക്കുന്നതും കുടിവെള്ളം, വൈദ്യുതി എന്നിവയുടെ ഉപയോഗത്തിന് തടസ്സം ഉണ്ടാക്കുന്നതും വഴി ഉപയോഗിക്കുന്നവരുടെ വീടിന്റെ ഗേറ്റ് വെളിയിൽ നിന്ന് പൂട്ടി ഇരുമ്പ് ഷീറ്റിട്ട് അടക്കുന്നതും കോളിങ് ബെൽ കേടുവരുത്തുന്നതും സിവിൽ മാറ്ററിൽ വരുന്ന കേസിൽ ഉൾപ്പെടുന്നതാണോ; വ്യക്തമാക്കുമോ; | (ബി) വ്യക്തികളുടെ അവകാശങ്ങൾ സംബന്ധിച്ച് സിവിൽ നിയമം അനുസരിച്ച് തീർപ്പ് കൽപ്പിക്കേണ്ടതും, നഷ്ടപ്പെട്ട അവകാശം പുനഃസ്ഥാപിച്ചോ നഷ്ട പരിഹാരം നൽകിയോ നിയമ പരിഹാരം നൽകാവുന്നതുമായ കുറ്റകൃത്യങ്ങളെ സിവിൽ കുറ്റകൃത്യങ്ങൾ എന്ന് വിശേഷിപ്പിക്കാവുന്നതാണ്. രാജ്യത്തിനെതിരെ ഒരു വ്യക്തിയോ. വ്യക്തികളോ ചെയ്യുന്നതും. ക്രിമിനൽ നിയമം അനുസരിച്ച് തീർപ്പ് കൽപ്പിക്കേണ്ടതും. ശിക്ഷ നൽകിയോ. പിഴ ചുമത്തിയോ നിയമ പരിഹാരം നൽകാവുന്നതുമായ കുറ്റകൃത്യങ്ങളെ ക്രിമിനൽ കുറ്റകൃത്യങ്ങളെന്ന് വിശേഷിപ്പിക്കാവുന്നതാണ്.<br>റവന്യൂ രേഖകളിൽ കൃത്യമായുള്ള പൊതുവഴി ഗുണ്ടകളെ ഉപയോഗിച്ച് ഗേറ്റിട്ട് അടയ്ക്കുന്നതും വശങ്ങളിലെ മതിൽ ഇടിച്ചു |

കളഞ്ഞ് സ്വന്തം വസ്തുവിനോട്

കൂട്ടിച്ചേർക്കുന്നതും കുടിവെള്ളം, വൈദ്യുതി എന്നിവയുടെ ഉപയോഗത്തിന് തടസ്സം ഉണ്ടാക്കുന്നതും വഴി ഉപയോഗിക്കുന്നവരുടെ വീടിന്റെ ഗേറ്റ് വെളിയിൽ നിന്ന് പൂട്ടി ഇരുമ്പ് ഷീറ്റിട്ട് അടക്കുന്നതും കോളിങ് ബെൽ കേടുവരുത്തുന്നതും സിവിൽ ആയും, ക്രിമിനൽ ആയും നടപടി എടുക്കാവുന്ന വിഷയമാണ്.

ഇത് സംബന്ധിച്ച് അന്തിമ തീരുമാനം ഓരോ കേസിന്റെയും വസ്തുതകളെ അടിസ്ഥാനമാക്കി മാത്രമേ കൈക്കൊള്ളുവാൻ കഴിയുകയുള്ളൂ.

(സി) മേൽ പറഞ്ഞവ, സിവിൽ മാറ്ററാണെന്ന് പൂജപ്പുര പോലീസ് സബ് ഇൻസ്പെക്ടർ 09.06.2015-ൽ ബഹു.ഹൈക്കോടതിയിൽ W.P.(C) 16171/2015 ൽ സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത സ്റ്റേറ്റ്മെന്റ് സ്വീകരിക്കാതെ, വിശദമായി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ 17.07.2015-ൽ ഹൈക്കോടതി ഉത്തരവിട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന് എന്തെല്ലാം തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) യും (ഡി) യും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. W.P.(C)16171/2015-ൽ പരാതിക്കാരനും, എതിർകക്ഷിയും തമ്മിൽ നട വഴി സംബന്ധിച്ച് നില നിൽക്കുന്ന തർക്കം സിവിൽ ആണെന്നും തർക്കം പരിഹരിക്കുവാൻ കക്ഷികൾ സിവിൽ കോടതിയെ സമീപിക്കാമെന്ന് ധാരണ ആയിട്ടുള്ളതാണെന്നും ഇത് സംബന്ധിച്ച് ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതി മുമ്പാകെ നാലാം എതിർകക്ഷി റിട്ട് ഹർജി സമർപ്പിച്ചിട്ടുള്ളതാണെന്നും ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ലായെന്നും വ്യക്തമാക്കി പൂജപ്പുര പോലീസ് സബ് ഇൻസ്പെക്ടർ സമർപ്പിച്ച സ്റ്റേറ്റ്മെന്റ് സ്വീകരിച്ച് ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതി മുമ്പ് 17.09.2015-ൽ പ്രസ്തുത റിട്ട് ഹർജി തീർപ്പാക്കിയിട്ടുള്ളതുമാണ്.

(ഇ) ഒരു കുറ്റകൃത്യം സിവിലാണോ ക്രിമിനലാണോ എന്ന് സ്വന്തം താൽപര്യവും സൗകര്യവും സ്വാധീനവും അനുസരിച്ച് പോലീസ് ഉദ്യോഗസ്ഥർ തീരുമാനിക്കുന്നതൊഴിവാക്കാൻ ഇക്കാര്യത്തിൽ കൃത്യമായ മാർഗ നിർദ്ദേശം നൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(ഇ) ഒരു കുറ്റകൃത്യം സിവിലാണോ ക്രിമിനലാണോ എന്ന് പോലീസുദ്യോഗസ്ഥർ തീരുമാനിക്കുന്നതിന് മാർഗ്ഗനിർദ്ദേശകമായി 2011-ലെ കേരളാ പോലീസ് നിയമത്തിലെ 4(1) വകുപ്പ്, 63 (ഡി) വകുപ്പ്, ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയുടെ വിധി ന്യായങ്ങൾ സംസ്ഥാന പോലീസ് മേധാവി പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറുകൾ എന്നിവ നിലവിലുണ്ട്.

സെക്ഷൻ ഓഫീസർ.